## പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3919 15-12-2014 ന് മറുപടിയ്ക്ക്

## വനവിസ്തൃതിയും ജൈവ സമ്പത്തും വനഭൂമി കൈയ്യേറ്റവും

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എം. ഹംസ** | | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു.വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന്റെ വനവിസ്തൃതിയും ജൈവ സമ്പത്തും വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരിസ്ഥിതി ദുർബല പ്രദേശങ്ങൾ വിജ്ഞാപനം ചെയ്യുക വഴി വനവിസ്തൃതി കൂടിയിട്ടുണ്ട്. ജൈവ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി വർക്കിംഗ്/മാനേജ്മെൻറ് പ്ളാൻ നിഷ്കർഷിക്കുന്ന എല്ലാ പ്രവർത്തനങ്ങളും കർശനമായി നടപ്പിലാക്കി വരുന്നു. ആവാസ വ്യവസ്ഥ പരിപാലനവുമായി ബന്ധപ്പെട്ട് മണ്ണ്,ജല സംരക്ഷണ പ്രവർത്തനങ്ങൾ, കള നിർമ്മാർജനം ,കാട്ടുതീയിൽ നിന്നുള്ള സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ കാര്യക്ഷമമായി നടത്തി വരുന്നു.വന സംരക്ഷണ സമിതികൾ/ഇക്കോ ഡവലപ്മെൻറ് കമ്മറ്റികൾ എന്നിവ രൂപീകരിച്ചും വനസംരക്ഷണ പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പിക്കുന്നു.ടി കമ്മറ്റികളുടെ സഹകരണത്തോടെ വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കൽ, വനസംരക്ഷണ പ്രവർത്തനങ്ങൾ,കാട്ടുതീ നിയന്ത്രണം തുടങ്ങിയ വനപരിപാലന പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) | ഏറ്റവും കൂടുതൽ വനവിസ്തൃതിയുള്ള ജില്ലകൾ ഏതെല്ലാം; | (ബി) | ഇടുക്കി, പത്തനംതിട്ട,പാലക്കാട്, തൃശ്ശൂർ,വയനാട്. |
| (സി) | വനഭൂമി കൈയ്യേറിയത് സംബന്ധിച്ച് എത്ര കേസ്സുകൾ നിലവിലുണ്ട്; ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വനം കൈയ്യേറ്റങ്ങൾ | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജൂൺ 2014 വരെ 871.671 |

ഒഴിപ്പിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

ഓരോ വനം കയ്യേറ്റങ്ങൾ ഒഴിപ്പിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ഇ) സ്വകാര്യ വ്യക്തികൾ വനഭൂമി കൈവശം വച്ചിരിക്കുന്ന എത്ര കേസ്സുകൾ പാലക്കാട് ജില്ലയിലുണ്ടെന്ന് വ്യക്തമാക്കുമോ ; ഓരോ കേസിന്റെയും കാലിക സ്ഥിതി വ്യക്തമാക്കാമോ?

(ഇ) സ്വകാര്യ വ്യക്തികൾ വനഭൂമി കൈവശം വച്ചിരിക്കുന്ന 16 കേസുകൾ പാലക്കാട് ജില്ലയിൽ നിലവിലുണ്ട്. പാലക്കാട് ജില്ലയിൽ സൈലന്റ് വാലി ഡിവിഷന്റെ കീഴിൽ സ്വകാര്യ വ്യക്തികൾ വനഭൂമി കൈവശം വച്ചതിന് 2 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കൈയേറ്റം പൂർണ്ണമായി ഒഴിപ്പിച്ച് കേസുകൾ കോടതിയിൽ ചാർജ്ജ് ചെയ്തിട്ടുണ്ട്. പാലക്കാട് ഡിവിഷനിലെ 11 കേസുകളിൽ അന്വേഷണം പൂർത്തിയായിട്ടില്ല. നെന്മാറ ഡിവിഷന്റെ കീഴിലെ 3 കേസുകളിൽ ഒരു കേസ് കോടതിയുടെ പരിഗണനയിലാണ്. മറ്റൊരു കേസിലെ കൈയേറ്റം ഒഴിപ്പിച്ചുവെങ്കിലും കോടതി ഉത്തരവ് പ്രകാരം വിട്ടുകൊടുത്തു. മൂന്നാമത്തെ കേസിലുൾപ്പെട്ട സ്ഥലത്ത് അംഗൻവാടി കെട്ടിടം നിർമ്മിച്ചിരിക്കുന്നതിനാൽ ഒഴിപ്പിക്കാൻ സാധിച്ചിട്ടില്ല.

Ajithab

സെക്ഷൻ ഓഫീസർ

അനുബന്ധം

വനം കയ്യേറ്റത്തിന്റെ വിശദാംശങ്ങൾ

ആറളം വന്യജീവി ഡിവിഷനിൽ 1977-ന് ശേഷം കയ്യേറിയിട്ടുള്ളതും വനഭൂമിയിൽ താമസമില്ലാത്തതും വനത്തിന് പുറത്ത് ഭൂമിയുള്ളവരുമായ 5 വ്യക്തികൾ കയ്യേറിയിട്ടുള്ള 1.5 ഹെക്ടർ സ്ഥലത്തിൽ, 2 ആളുകളുടെ കൈവശമുള്ള 0.6 ഹെക്ടർ സ്ഥലം ഇതിനകം ഒഴിപ്പിച്ചിട്ടുണ്ട്.

പീച്ചി-വാഴാനി വന്യജീവി സങ്കേതത്തിൽ ഒളകര ട്രൈബൽ സെറ്റിൽമെന്റ് നിവാസികൾ സംയുക്തമായി വനം കയ്യേറുവാൻ ശ്രമിച്ചത് പോലീസ് സേനയുടെ സഹായത്തോടുകൂടി ഒഴിപ്പിക്കുകയും 8 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. സൈലന്റ് വാലി ഡിവിഷന്റെ ബഫർ സോണിലെ വനം കയ്യേറ്റവുമായി ബന്ധപ്പെട്ട (0.22ഹെ.) ഒരു കേസ്സ് രജിസ്റ്റർ ചെയ്യുകയും, ടി കയ്യേറ്റ ഭൂമി പൂർണ്ണമായി ഒഴിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

അഴുത റെയിഞ്ചിൽ ഒരാളുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മുമ്പിനാലെ കയ്യേറിയ വനഭൂമിയുമായി ബന്ധപ്പെട്ട് ബഹു. കേരളാ ഹൈക്കോടതിയിൽ ശ്രീ. ഇ.എ. മാധവൻ WP (C) 28612/2012 ആയി കേസ് ഫയൽ ചെയ്തിട്ടുള്ളതും ബഹു. കേരളാ ഹൈക്കോടതിയുടെ 07.04.2014-ലെ വിധിന്യായത്തിൽ റവന്യൂ ഡിപ്പാർട്ടുമെന്റും വനം വകുപ്പും ചേർന്ന് സംയുക്ത പരിശോധന നടത്തി നടപടി സ്വീകരിക്കുവാനും വിധി വന്നിട്ടുള്ളതാണ്. ഹൈക്കോടതി വിധിയിന്മേലുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

നോർത്തേൺ സർക്കിൾ കണ്ണൂരിൽ ആകെ ഉണ്ടായ 868.53 ഹെക്ടർ വനഭൂമി കയ്യേറ്റത്തിൽ 506.694 ഹെക്ടർ ഒഴിപ്പിച്ചിട്ടുണ്ട്. ആകെ രജിസ്റ്റർ ചെയ്ത 92 കേസുകളിൽ 64 എണ്ണം ഒഴികെ ബാക്കി എല്ലാ കേസുകളിലും കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്.

തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷനിൽ ഒരു വനം കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ 22 കേസുകളിലായി 7.8630 ഹെക്ടർ സ്ഥലവും മലപ്പുറം ജില്ലയിൽ 4 കയ്യേറ്റങ്ങളിലായി 5.76 ഹെക്ടർ സ്ഥലവും ഒഴിപ്പിച്ചിട്ടുണ്ട്.

സെൻട്രൽ സർക്കിൾ തൃശ്ശൂരിൽ ഉൾപ്പെട്ട ചാലക്കുടി ഡിവിഷനിലെ പരിയാരം റെയിഞ്ചിൽ ഇ.എഫ്.എൽ. ആയി നോട്ടിഫൈ ചെയ്ത ഒരു ഹെക്ടർ സ്ഥലം കയ്യേറി മരങ്ങൾ മുറിച്ചുമാറ്റി ജെ.സി.ബി. ഉപയോഗിച്ച് ഭൂമി നിരപ്പാക്കാൻ ശ്രമിച്ചതും തൃശ്ശൂർ ഡിവിഷനിലെ വടക്കാഞ്ചേരി റെയിഞ്ചിലെ തിരുവില്വാമലയിലെ 2.50 ഹെക്ടർ, 1.25 ഹെക്ടർ സ്ഥലം കയ്യേറിയതും ഒഴിപ്പിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ 25 കേസുകളിലായി 174 വനം കയ്യേറ്റക്കാരെ ഒഴിപ്പിച്ചു. 339.9783 ഹെക്ടർ വനഭൂമി തിരിച്ചു പിടിച്ചു.

Ajithsaj

സെക്ഷൻ ഓഫീസർ